**ഗവൺമെന്റ് പ്രമേയം**

വായ്പാപരിധി വെട്ടികുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത കേന്ദ്ര സമീപനം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാംതന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്.

അതിനുപുറമേയാണ് 15-ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പംതന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുണ്ടാകുന്നു. ഇതെല്ലാംതന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യ വിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത സമീപനത്തിൽനിന്നും

കേന്ദ്രസർക്കാർ പിന്മാറണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് സഭ ഐകകണ്ഠ്യേന അംഗീകരിക്കേണ്ട ഒരു പ്രമേയമാണ്. കേരളത്തിലെ ഏറ്റവും സജീവമായ ഒരു പ്രശ്നമാണ്. ഇന്ത്യയിൽ ഏറ്റവും സമയോചിതമായി ഈ സഭ ഇന്ന് ഏറ്റെടുക്കേണ്ട കാര്യമാണ്. കാരണം ഇന്നലെ കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിനെ സംബന്ധിച്ച് വ്യാപകമായ വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാനങ്ങളുടെ താല്പര്യങ്ങളൊന്നും സംരക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ ബഡ്ജറ്റിൽ സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകാനുള്ള കാര്യങ്ങളൊന്നുമില്ല. മാന്ദ്യവിരുദ്ധ പാക്കേജ് എന്ന നിലയിൽ നിലവിൽ ലോകത്തിലാകെ നടക്കുന്ന മാന്ദ്യത്തെ മറികടക്കാനുള്ള കാര്യങ്ങളില്ല. നമ്മുടെ സംസ്ഥാനത്തിന് അർഹമായതില്ല. അത് വെട്ടികുറയ്ക്കപ്പെട്ടുവെന്ന് പത്രങ്ങളെല്ലാം എഴുതി. റെയിൽവേ രംഗത്ത് പുതിയ പദ്ധതികളില്ല, എയിംസ്

ഇല്ല. വിഴിഞ്ഞം പോലെയുള്ള പദ്ധതികൾക്ക് നൽകുമെന്ന് പ്രതീക്ഷിച്ച പദ്ധതികളും സഹായവുമില്ല. ഒരു മേഖലയിലുമില്ല. ചെറുപ്പക്കാർക്കുള്ള തൊഴിലവസരം, കേന്ദ്ര വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങി മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നതുപോലെ നമ്മൾ ദീർഘകാലമായി പ്രതീക്ഷിച്ച ഒരു കാര്യങ്ങളും വന്നിട്ടില്ല. ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച കാര്യത്തിലും അതുപോലെ കുറവുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ, സാമ്പത്തിക മേഖലയെ മുന്നോട്ടുകൊണ്ടുവരാനായി ഫിസ്കൽ കൺസോളിഡേഷനുവേണ്ടിയാണ് ശ്രമിക്കുന്നതെന്ന് കേന്ദ്രം വലിയതോതിൽ പറയുന്നുണ്ട്. ഫിസ്കൽ കൺസോളിഡേഷന്റെ പേര് പറയുന്ന കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ ആകെ ചെലവ് 47 ലക്ഷം കോടി രൂപയും കേന്ദ്രം എടുക്കുന്ന കടം ഏകദേശം 18 ലക്ഷം കോടി രൂപയുമാണ്. കേന്ദ്ര ബഡ്ജറ്റിന്റെ ആകെ തുകയുടെ 36% കടമെടുക്കുകയാണ്. അതുപോലെതന്നെ ബഡ്ജറ്റ് ആകെ നോക്കിയാൽ 47 ലക്ഷം കോടി രൂപയിൽ 12 ലക്ഷം കോടി രൂപയാണ് പലിശ നൽകുന്നത്. എന്നുപറഞ്ഞാൽ ആകെ ഒരു വർഷത്തെ

ചെലവിന്റെ 25% (നാലിലൊന്ന്) പലിശയായി കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നു.

കേരളത്തെക്കുറിച്ച് വലിയ വിമർശനങ്ങൾ പലപ്പോഴും ഉന്നയിക്കുന്നുണ്ടല്ലോ; കേരളത്തിന്റെ കണക്കുകൾ നോക്കിയാൽ, ഇന്ന് അവതരിപ്പിച്ച സാമ്പത്തിക സർവ്വേയിലൂൾപ്പെടെ നമ്മുടെ റവന്യൂകമ്മി കുറയുകയാണ്. നമ്മുടെ ഫിസ്കൽ ഡെഫിസിറ്റിൽ വലിയ കുറവ് വന്നിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് പറഞ്ഞ, പൊതുവിൽ ഈ സഭയടക്കം അംഗീകരിച്ച എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ച് ധനകാര്യ നിയന്ത്രണത്തിന്, കൺട്രോളിനുവേണ്ടിയുള്ള ആക്ട് അനുസരിച്ച്, പൊതുവെ സംസ്ഥാനത്തിനും കേന്ദ്രത്തിനും ആകെ ആഭ്യന്തര വരുമാനത്തിന്റെ (ജി.എസ്.ഡി.പി.) 3% കടമെടുക്കാം. പ്രത്യേക സമയത്ത് കുറച്ച് അധികം കടമെടുക്കാൻ സമ്മതിക്കാറുണ്ട്. കോവിഡ് കാലഘട്ടത്തിൽ അതിന് സമ്മതിച്ചിട്ടുണ്ട്. അങ്ങനെ അഞ്ച് ശതമാനവും നാലര ശതമാനവുമൊക്കെ കടമെടുക്കാൻ അവസരമുണ്ടായിട്ടുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റിനുകൂടി ബാധകമായ ഇതേ കാര്യത്തിൽ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ,

3 ശതമാനത്തിനുപകരം ഈ നടപ്പുവർഷം അവർ എടുത്തിട്ടുള്ളത് 5.9% ഉം 5.8%ഉം ആണെന്ന് പറയുന്നു. അടുത്ത വർഷം അത് 5.1% ആകും. നമുക്ക് 4% ആയിട്ടെങ്കിലും അംഗീകരിച്ചാൽ 11,000/- കോടി രൂപകൂടി ലഭിക്കും. കേരളം ശ്രീലങ്ക ആകും, ഇവിടുത്തെ ഫിസ്കൽ മാനേജ്മെന്റ് ശരിയല്ലെന്ന് പറയുന്നവർ, നമ്മുടെ ഇപ്പോഴത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിലുൾപ്പെടെയുള്ള കാര്യങ്ങൾ നോക്കണം. ഞാൻ ഈ കാര്യങ്ങൾ പറയുന്നത്, കേന്ദ്രം ഇത്തരമൊരു ബഡ്ജറ്റ് അവതരിപ്പിച്ച് അടുത്ത ജൂലൈമാസം അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാമെന്ന് പറഞ്ഞ് നിങ്ങളൊക്കെ എന്ത് വിചാരിച്ചാലും ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ല എന്ന സമീപനത്തോടുകൂടി ഇന്ത്യയിൽ കാര്യങ്ങൾ നടത്തുകയാണ്. ഒരുവശത്തുകൂടി ഇത്തരത്തിൽ കാര്യങ്ങൾ നടക്കുന്നു. കോർപ്പറേറ്റുകൾക്കുള്ള ആനുകൂല്യങ്ങൾ വളരെയധികം വർദ്ധിക്കുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ ആകെയുള്ള ബാധ്യതകൾ കുറഞ്ഞ് വരുന്നുവെന്ന കാര്യം നമ്മുടെ സാമ്പത്തിക സർവ്വേയിലുണ്ട്. കേരളത്തിന് 3 ശതമാനം ബോറോയിംഗ് എടുക്കാൻ സാധിക്കുമായിരുന്നെങ്കിലും കഴിഞ്ഞ വർഷം 2.44 ശതമാനം മാത്രമേ അനുവദിച്ചുള്ളൂ. കേരളത്തിന്റെ ആകെ പൊതുകടവും ആകെ

ബാധ്യതകളും 35 ശതമാനത്തിൽനിന്നും 34 ശതമാനത്തിലേയ്ക്ക് ഏകദേശം എത്തി. 39% വരെ ഒരു ഘട്ടത്തിൽ പോയതാണ്. ഇതെല്ലാം നിലനിൽക്കുമ്പോൾ, ഇന്നലെ കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിൽ അവർ ഏകപക്ഷീയമായി കാര്യങ്ങളൊക്കെ നടപ്പിലാക്കി പോകുന്നു. ഒരു മേഖലയ്ക്കും കാര്യമായ സഹായമില്ല. യു.ജി.സി.-ക്ക് മാത്രം മൂന്നിൽരണ്ട് ഭാഗം വെട്ടിക്കുറച്ചു. നമ്മുടെ പ്രൊഫസർമാരൊക്കെ ഇവിടെ ഇരിപ്പുണ്ട്. യു.ജി.സി.-ക്ക് 6000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. ഓരോ മേഖലയിലും ഇങ്ങനെ വെട്ടിക്കുറച്ചിരിക്കുകയാണ്. ഞാൻ അതിന്റെ കണക്കുകൾ എടുക്കുകയാണ്. ഇങ്ങനെയൊരു കാര്യമുണ്ട്. കേരളത്തിന് പ്രശ്നമുണ്ടെന്നുള്ള കാര്യം പറയുമ്പോൾ, കേന്ദ്രഗവൺമെന്റിന്റെ ഈ നിലപാടിനെതിരെ പാർലമെന്റിൽ സംസാരിക്കുന്നതുപോലെ ഇവിടെയും വികാരവും അഭിപ്രായവും പറയേണ്ട ഒരു സമയമാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ചല്ല, ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കേണ്ടേതല്ലേ; ഈ വിഷയത്തെ സംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിക്കാൻവേണ്ടി പ്രമേയത്തിന്റെ കോപ്പി പ്രതിപക്ഷത്തിന് കൊടുത്തിരുന്നു. പ്രതിപക്ഷനേതാവിനുൾപ്പെടെ കോപ്പി നൽകിയിരുന്നു.

കാരണം ഇത് unanimous ആകേണ്ട കാര്യമാണ്. ഇതിൽ വിവാദ വിഷയമായ ഒരു കാര്യവുമില്ല. കേരളത്തിന് കിട്ടേണ്ട ഗ്രാന്റും കേരളത്തിന് കിട്ടേണ്ട കാര്യങ്ങളുമാണ്. ഭരണപക്ഷം ഇവിടെ പറയുന്നത് unanimous ആയ കാര്യങ്ങളാണെങ്കിലേ പ്രതിപക്ഷം അംഗീകരിക്കുവെന്ന് നേരത്തേതന്നെ പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അവർ കൊടുത്തതായിരിക്കും. പ്രമുഖ പത്രങ്ങളിൽ വാർത്ത വന്നു. ഈ പ്രമേയത്തിൽ യാതൊരു കാര്യവും തർക്കം പറയാനില്ല. കേരളത്തിന് കിട്ടേണ്ട അർഹമായ ആനുകൂല്യങ്ങൾ കിട്ടണം. അത് വെട്ടിക്കുറയ്ക്കരുതെന്ന് മാത്രമാണ് ഈ പ്രമേയം. ആ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കേണ്ടി വരും എന്നതുകൊണ്ടല്ലേ നാടകം കാണിച്ച് ഇറങ്ങിപ്പോയത്. ജനറൽ പ്രാക്ടീസ് അനുസരിച്ച് സാധാരണയായി വെള്ളിയാഴ്ചകളിൽ അടിയന്തരപ്രമേയം വരാറില്ല, പലരും കാണാറില്ല. അടിയന്തരപ്രമേയം സാധാരണ പ്രാക്ടീസാണ്...... ഈ പ്രമേയത്തിന്റെ കാര്യത്തിൽ ഞങ്ങൾ unanimous ആണെന്ന് വരുത്തിക്കഴിഞ്ഞാൽ ഡൽഹിയിലിരിക്കുന്ന ആളുകൾക്ക് എന്തെങ്കിലും വിഷമം തോന്നുമോ എന്നുള്ളതുകൊണ്ട് ഇറങ്ങിപ്പോകുന്ന സമീപനമല്ലേ കാണിച്ചത്. കേരളത്തിന്

അർഹമായത് ലഭിക്കുന്നില്ലെന്ന് എല്ലാവരും പറയുന്നു, ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് സംബന്ധിച്ചുൾപ്പെടെ ഇക്കാര്യം എല്ലാ പത്രങ്ങളും എഴുതുന്നു. ഇന്ന് ഇവിടെ ഈ പ്രമേയം ചർച്ച ചെയ്യുന്ന സമയത്ത് പ്രതിപക്ഷം ഒരു നാടകവുമായി വന്നിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഏജൻസികളെയും അവരുടെ രാഷ്ട്രീയത്തെയും അറിയാത്ത ആളുകളാണോ ഈ നാട്ടിലുള്ളത്. ഈ സഭാസമ്മേളനം തുടങ്ങിയതിനുശേഷം എത്ര നാടകങ്ങൾ കണ്ടു. ജാർഖണ്ഡിലും ബീഹാറിലുമുണ്ടായ കാര്യങ്ങൾ നമ്മൾ കണ്ടതല്ലേ. ബീഹാറിൽ രാവിലെ മുഖ്യമന്ത്രി രാജിവച്ചു, അതിനുശേഷം മറ്റൊരു മുന്നണി പാർട്ടിയിൽ ചേർന്ന് അദ്ദേഹംതന്നെ വൈകുന്നേരം വീണ്ടും അവിടെ മുഖ്യമന്ത്രിയായി ചാർജ്ജെടുത്തു, ഇത്തരം കാര്യങ്ങളല്ലേ നടക്കുന്നത്. ജാർഖണ്ഡിലെ വിഷയത്തിനുശേഷം, നിങ്ങൾ എന്തുവിചാരിച്ചാലും ഞങ്ങൾക്ക് പണത്തിന്റെ കാര്യത്തിൽ യാതൊരു പ്രശ്നവുമില്ലെന്നാണ് പറയുന്നത്. ഒരു സംസ്ഥാനത്തിന്റെ മാത്രമല്ല, ഇത് ജനങ്ങൾക്കാകെയുണ്ടാകുന്ന പ്രശ്നമാണ്. വീണ്ടും അധികാരത്തിൽ വരുമെന്ന അമിതമായ കോൺഫിഡൻസ് മറ്റ് പല കാര്യങ്ങളിലും വച്ചുകൊണ്ട് ബി.ജെ.പി.-യുടെ രാഷ്ട്രീയം അവർ

മുന്നോട്ടുവയ്ക്കുകയാണ്. എന്തുകാര്യവും നടത്തുമെന്നതാണ് അവരുടെ രാഷ്ട്രീയം. അതിനെ പിന്തുണയ്ക്കാൻ, അത്തരം ഏജൻസികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി ഗർഭഗൃഹത്തിൽ ബി.ജെ.പി.-യിലേയ്ക്കുള്ള വിരിയുന്ന മുട്ടയായി ഇതിനകത്തിരിക്കുന്ന ആളുകൾ ചെയ്യുന്ന കാര്യമല്ലേയിത്. അവർ ചെയ്ത കാര്യങ്ങളെല്ലാം....അവരിങ്ങനെ വികസിച്ചുകൊണ്ടിരിക്കുകയാണ്, അവർ വികസിച്ച്, ഞങ്ങൾ അങ്ങോട്ട് വരാം..... ഇപ്പോൾ ഇവിടെ ചെയ്യാമെന്ന് പറഞ്ഞയാളുകളാണല്ലോ. ആദ്യം ബി.ജെ.പി.-ക്കാർക്കുവേണ്ടി കേസ് കൊടുത്തതുൾപ്പെടെയുള്ള ആളുകൾ, അപ്പുറത്തിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ, ഇപ്പോൾ ഇവിടെയിരുന്നാൽ ഈ പ്രസംഗത്തിന് മറുപടി നൽകാൻ അവർക്ക് ബുദ്ധിമുട്ടുണ്ടാകും. ഈ സഭയെ സംബന്ധിച്ച്, കേരളത്തിലെ മുഴുവൻ ജനങ്ങളോടും കാര്യങ്ങൾ പറയാനുള്ള അവസരം ബഹുമാനപ്പെട്ട ചെയർ മുഖാന്തരമാണ് ലഭിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും താല്പര്യം ഉയർത്തിപ്പിടിക്കാൻ ഈ പ്രമേയം നിയമസഭ ഐകകണ്ഠ്യേനയാണ് ഇപ്പോഴും പാസ്സാക്കുന്നത്. ഐകകണ്ഠ്യേനയെന്നുപറഞ്ഞിട്ട് ഇവിടെയിരുന്നാൽ അത് ഐകകണ്ഠ്യേനയാവുമെന്നുള്ളതുകൊണ്ട്, രാഷ്ട്രീയമായും സാമ്പത്തികമായും

സാംസ്കാരികമായും ഈ രാജ്യത്തിനോടുള്ള, നാടിനോടുള്ള താല്പര്യങ്ങളെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രീയബോധത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ നിൽക്കേണ്ടയാളുകൾ അങ്ങനെ നിൽക്കാതെ കേരളത്തെ വഞ്ചിക്കുന്ന ഒരു നിലപാടെടുത്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രമേയത്തിൽ ഇവിടെ സംസാരിക്കാതെയും വോട്ട് ചെയ്യാതെയും കൂടെനിൽക്കാതെയും പോയതെന്ന് മാത്രം പറഞ്ഞുകൊണ്ട്, ഇത് കേരളത്തിന്റെ ഭാവി ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ് ഈ സഭ ഇന്ന് ഇവിടെ എടുക്കുന്ന പ്രമേയം. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തിന്മേൽ ഭേദഗതികളൊന്നും വന്നിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.